# മെയിലയച്ചു പറ്റിക്കാൻ നോക്കേണ്ട

## ഊരും പേരും ഇവിടെയുണ്ട്

പ്രസന്ന

കൊച്ചി: വ്യാജ ഭീഷണികളും തട്ടിപ്പുകളും ഇ മെയിൽ വഴി ഇനി കൊച്ചിയുടെ അതിർത്തി കടക്കില്ല. ഇൻറർനെറ്റ് കഫേകളിലെ സന്ദർശകരുടെ വിശദാംശങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നഗരത്തിൽ നടപ്പാകുന്നു. ഇൻർനെറ്റ് മീഡിയ കമ്പനിയായ ഐഡിയാക്ട്സ് ആണ് നഗരത്തിലെ ഇൻറർനെറ്റ് കഫേകൾക്കായി ഈ സൗജന്യസേവനം ഒരുക്കുന്നത്. പുതിയ സോഫ്റ്റ്‌വെയറിനെ കുറിച്ച് കഫേ ഉടമകളെ ബോധവൽക്കരിക്കുന്നതിനായി സിറ്റി പൊലീസിൻെറ ആഭിമുഖ്യത്തിൽ ഹൈക്കോടതിക്ക് സമീപമുള്ള പാരീഷ് ഹാളിൽ കഴിഞ്ഞ ദിവസം ബോധവത്കരണ ക്ലാസ് നടന്നു. ഡി.സി. പി. ജോർജ് വർഗീസാണ് ക്ലാസ് ഉദ്ഘാടനം ചെയ്തത്.

കഴിഞ്ഞ വർഷം നവംബർ 26 ന് ലോകത്തെ നടുക്കിയ മുംബയ് സ്ഫോടനത്തിന് രണ്ടു മാസം മുൻപ് ഒരു ചാനൽ ലേഖികയ്ക്ക് വരാനിരിക്കുന്ന വിപത്തിനെ കുറിച്ച് മുന്നറിയിപ്പ് നൽകികൊണ്ട് ഒരു ഇ മെയിൽ സന്ദേശം ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കച്ച് ജില്ലയിലെ കഫേ ഉടമയെ പൊലീസ് അറസ്റ്റ് ചെയ്തു. എന്നാൽ സന്ദേശം അയച്ച ആളിനെ കണ്ടെത്താൻ കഴിഞ്ഞില്ല. രണ്ടു വർഷം മുൻപ് കൊച്ചിയിലെ കഫേയിൽ നിന്ന് രാഷ്ട്രപതിക്കും, പ്രധാനമന്ത്രിക്കും വധഭീഷണി ലഭിച്ചപ്പോൾ ആദ്യം കുരുങ്ങിയത് കഫേ ഉടമയാണ്. യഥാർഥ പ്രതിയായ അക്ബർ രാജ് പിന്നീട് വലയിലായെങ്കിലും കഫേ ഉടമക്കുണ്ടായ ധനനഷ്ടവും മാനഹാനിയും ചില്ലറയല്ല. സൈബർ കഫേകളെ ദുരുപയോഗപ്പെടുത്തുന്ന പ്രതികളെ നൊടിയിടക്കുള്ളിൽ വലയിലാക്കുന്ന ക്ലിങ്ക് സൈബർ കഫേ മാനേജർ എന്ന അത്യന്താധുനിക സോഫ്റ്റ്‌വെയർ കൊച്ചിയിലും സ്ഥാപിക്കുന്നതിനാൽ ഇനി കഫേ ഉടമകൾക്ക് ആശ്വസിക്കാം.

കഫേയിലെത്തുന്ന ഓരോ ഇടപാടുകാരൻെറയും പേരുവിവരങ്ങളും ഇ മെയിൽ ഐ. ഡിയും മാത്രമല്ല ഫോട്ടോയും കമ്പ്യൂട്ടറിൽ ആലേഖനം ചെയ്യപ്പെടും. ഈ വിവരങ്ങൾ എത്ര വർഷം വേണമെങ്കിലും സൂക്ഷിക്കാമെന്നതാണ് മറ്റൊരു സവിശേഷത. ക്ലിങ്ക് സൈബർ കഫേ മാനേജർ സംവിധാനം താമസിയാതെ നഗരത്തിലെ മുഴുവൻ സൈബർ കഫേകളിലും സ്ഥാപിക്കും. സോഫ്റ്റ്‌വെയർ കമ്പനിയായ ഐഡിയാക്ട്സ് ആണ് സിറ്റി പൊലീസിൻെറ സഹായത്തോടെ കഫേ ഉടമകൾക്ക് ഈ സൗജന്യ സേവനം നൽകുന്നത്.

കഫേകളിലെത്തുന്ന സന്ദർശകരുടെ പേരുവിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും പല സമയത്തും ഇത്ര പ്രയോജനപ്പെടുന്നില്ലെന്ന് ഇന്നലെ രാവിലെ പാരിഷ്ഹാളിൽ ചടങ്ങ് ഉദ്ഘാടനം ചെയ്ത ഡി. സി. പി. ജോർജ് വർഗീസ് പറഞ്ഞു.

സന്ദർശകർഐഡിൻറിറ്റി കാർഡ് ഹാജരാക്കണമെന്ന് നിർബന്ധംപിടിക്കാൻ പല കഫേ ഉടമകൾക്കും കഴിയാറില്ല. സാമൂഹ്യവിരുദ്ധർ സൈബർ കഫേ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ ദേശീയ സുരക്ഷയെ മുൻനിർത്തി കഫേകൾക്ക് ആവശ്യമായ പരിരക്ഷ നൽകുന്നതിന് പുതിയ സംരംഭം സഹായിക്കുമെന്ന് ഡി.സി.പി.പ്രതീക്ഷപ്രകടിപ്പിച്ചു. കൊച്ചിയിലുള്ള കഫേയിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിയുടെ ഫോട്ടോയും, വിശദാംശങ്ങളും സൈബർ കഫേ മാനേജർ സംവിധാനമുള്ള രാജ്യത്തെ മറ്റേത് കഫേയിൽ നിന്നും ഡൗൺലോഡ് ചെയ്യാമെന്ന് ഐഡിയാക്ട്സിൻെറ ദക്ഷിണ കിഴക്കൻ മേഖലയുടെ മേധാവിയായ കൃഷ്ണസ്വാമി പറഞ്ഞു. കഫേ ഉടമകളുടെ സംശങ്ങൾക്ക് അദ്ദേഹം മറുപടി നൽകി